കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം. കെ.എസ്.എ – കെ.എൽ.എം.1827A/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
തീയതി. 19/11/2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന
മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്ത് – 2015-16 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

****************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-7 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-15 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ് – പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും

ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം. കെ. എസ്. എ - കെ. എൽ. എം. 1827 A /16 തീയതി. 19/11/2016

# കൊല്ലം ജില്ലയിലെ മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).*

കൊല്ലം ജില്ലയിലെ മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.16 മുതൽ 12.10.16 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി.എം.ഗീത<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 13.10.2016 മുതൽ 22.10.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.ജി.സിന്ധു | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | | ശ്രീ.അജ്മൽ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | | |
|---|---|---|
| | ശ്രീ.ഗോപകുമാർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.എ.വിഷ്ണുപ്രിയ | ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി.തങ്കമണി ശശിധരൻ | 01.04.2015 മുതൽ 18.10.2015 വരെ |
| | | ശ്രീ.ബിനു.കെ | 19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | : | ശ്രീ.റ്റി.എഫ്.ജോസഫ് | 01.04.2015 മുതൽ 31.03.2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| 1. അസി.എൻജിനീയർ | | ശ്രീ.യേശുദാസ് സേവ്യർ | 01.04.2015 മുതൽ 31.03.2016 വരെ |
| 2. വി.ഇ.ഒ | | ശ്രീമതി.സംഗീത.പി.കെ | 01.04.2013 മുതൽ 31.03.2015 വരെ |
| 3. ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | ശ്രീമതി.സിസിലി.എ.പി | 01.04.2015 മുതൽ 31.03.2016 വരെ |
| 4. കൃഷി ഓഫീസർ | | ശ്രീ.അജിത് കുമാർ.പി.വി | 01.03.2015 മുതൽ 31.03.2016 വരെ |
| 5. വെറ്റിനറി സർജൻ | | ഡോ.സോജ | 01.04.2015 മുതൽ 31.03.2016 വരെ |
| | | ഡോ.ബിന്ദു | 01.10.2015 മുതൽ |

| | | | |
|---|---|---|---|
| | | | 31.03.2016 വരെ |
| 6. ഹെഡ്മിസ്ട്രസ് | | ശ്രീമതി.വിജയാംബിക | 01.04.2015 മുതൽ 11.06.2015 വരെ |
| | | ശ്രീമതി.ഷേർലി ജോർജ്ജ് | 11.06.2015 മുതൽ 31.03.2016 വരെ |
| 7. എം.ഒ. ആയുർവേദം | | ഡോ.രാജി.വിശ്വനാഥ് | 01.03.2015 മുതൽ 31.03.2016 വരെ |
| 8. എം.ഒ., പി.എച്ച്.സി | | ഡോ.ലിൻസി.പി.ബേബി | 01.04.2015 മുതൽ 07.06.2015 വരെ |
| | | ഡോ.നിസ.ബി | 08.06.2015 മുതൽ 31.03.2016 വരെ |
| 9. ഡയറി ഫാം ഇൻസ്ട്രക്ടർ | | കുമാരി.ശ്രീദേവി | 01.04.2016 മുതൽ 31.03.2016 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1(3) |

| | | |
|---|---|---|
| | | |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | ആഭ്യന്തരനിയന്ത്രണം | 1(10) |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(11) |
| | ഭാഗം 2 | |
| 12 | ഭൂമിശാസ്ത്രപരമായ പ്രത്യേകത – പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിൽ വിഘാതം സൃഷ്ടിക്കുന്നു | 2(1) |
| 13 | ബാങ്ക് ബുക്ക് റിക്കൺസിലിയേഷൻ – യഥാസമയം നടത്തുന്നില്ല | 2(2) |
| 14 | തൊഴിൽ നികതി | 2(3) |
| 15 | കെട്ടിട നിർമ്മാണ പെർമിറ്റ് | 2(4) |
| 16 | വാടക | 2(5) |
| 17 | ഡി ആന്റ് ഒ ലൈസൻസ് | 2(6) |
| 18 | ഇ.എം.എസ് ഭവന പദ്ധതി - ലോൺ തിരിച്ചടവ് – കണക്കുകളിൽ വൈരുദ്ധ്യം | 2(7) |

| | | |
|---|---|---|
| | ഭാഗം 3 | |
| 19 | പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന അനിവാര്യം | 3(1) |
| 20 | തെരുവു വിളക്കുകൾ - വൈദ്യുതി ചാർജ്ജിനത്തിൽ ഭീമമായ തുക ഒടുക്കു വരുത്തുന്നു – അധിക ബാധ്യത | 3(2) |
| 21 | കന്നുകുട്ടി പരിപാലനം - പദ്ധതി പാതിവഴിയിൽ നിലച്ചു വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3(3) |
| 22 | കിടാരി വളർത്തൽ സബ്സിഡി നിരക്കിൽ അധികരിച്ച് തുക നല്കി 32500/- രൂപ നിരാകരിക്കുന്നു | 3(4) |
| 23 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു | 3(5) |
| 24 | പദ്ധതി നടത്തിപ്പ് വിഹിതം - അക്കൗണ്ട് ബാലൻസ് നിലനില്ക്കുന്നത് തിരികെ ഒടുക്കിയിട്ടില്ല | 3(6) |
| 25 | ഗ്രാമസഭയുടെ അംഗീകാരമില്ലാതെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയിരിക്കുന്നു | 3(7) |
| 26 | മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല – പദ്ധതി തുക പാഴായി | 3(8) |
| 27 | അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം – പദ്ധതി നിർവഹണത്തിലെ അപാകതകൾ | 3(9) |
| 28 | പത്താംതരം തുല്യതാ പരീക്ഷ – രേഖകൾ ഹാജരാക്കിയില്ല – 12800/- രൂപ തടസ്സപ്പെടുത്തുന്നു | 3(10) |

| | | |
|---|---|---|
| 29 | റോഡ് നിർമ്മാണ പ്രവൃത്തികൾ – മെറ്റലിംഗ് മാത്രം നടത്തിയതിനാൽ പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിക്കുന്നില്ല | 3(11) |
| 30 | പഞ്ചായത്തിന് അനുബന്ധമായി കെട്ടിട നിർമ്മാണം - കെട്ടിടം പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | 3(12) |
| 31 | റോഡ് നിർമ്മാണം - മണ്ണ് ഫില്ലിംഗിൽ മാത്രം നടത്തി | 3(13) |
| | ഭാഗം 4 | |
| 32 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 33 | ഡിപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4(2) |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 35 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 36 | സ്ഥിര നിക്ഷേപങ്ങൾ | 4(5) |
| 37 | ഓഡിറ്റ് റിക്കവറി | 4(6) |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4(7) |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4(8) |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4(9) |
| 41 | ഓഡിറ്റ് സാക്ഷ്യപത്രം | 4(10) |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 25.3.2015 തീയതിയിലെ 1ാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2016 | 21-7-2016 | ഇല്ല | ഇല്ല |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | വാർഷിക കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം |
|---|---|---|
| 2015-16 | 25-10-2016 | സർട്ടിഫിക്കറ്റ് റിപ്പോർട്ടിനോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുണ്ട് |

അപാകതകൾ

1. മുൻവർഷത്തേതുൾപ്പെടെയുള്ള ആസ്തിയുടെ മൂല്യം തിട്ടപ്പെടുത്തി ഉൾപ്പെടുത്തിയിട്ടില്ല.

2. ബജറ്റ് ഫങ്ഷൻ - ഫങ്ഷനറി അടിസ്ഥാനത്തിലല്ല തയ്യാറാക്കിയിട്ടുള്ളത് എന്നതിനാൽ
സാംഖ്യ അക്കൗണ്ട്സുമായി തുലനം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

3. സംയോജിത പ്രോജക്ടുകൾക്ക് മറ്റ് തദ്ദേശസ്ഥാപനങ്ങൾ ഫണ്ട് ലഭ്യമാക്കിയത് ഡി.ഡി.മുഖേനയാണ്. ആയതിനാൽ സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല.

4. സംയോജിത പദ്ധതികൾക്ക് ബ്ലോക്ക്, ജില്ലാപഞ്ചായത്തുകളിൽ നിന്ന് ലഭിച്ച ഫണ്ട്

ചിലവഴിക്കാതെ തനത്ഫണ്ട് അക്കൗണ്ടിൽ സൂക്ഷിക്കുന്നു.

5. സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ടുകളിൽ നിന്ന് ഈടാക്കുന്ന വാറ്റ്, ആദായനികുതി, ക്ഷേമനിധിവിഹിതം ഇവ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

6. വസ്തുനികുതി, തൊഴിൽ നികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് കണക്കുകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

7. ഇ.എം.എസ് ലോൺ തിരിച്ചടവ് തുക പാസ്ബുക്ക്/ബാങ്ക് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
8.കെ.എസ്.ഇ.ബി.നിക്ഷേപം ബാലൻസ് ഷീറ്റിലെ തുക യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-4 സാമ്പത്തിക വിശകലനം

മുൻബാക്കി -7028762

വരവ് -18912166

ആകെ -25940928

ചെലവ് -24175306

നീക്കിബാക്കി -1765622

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 640747 | 4929227 | 5569974 | 5557474 | 12500 |
| വികസന ഫണ്ട് (എസ്.സി.പി) | 1160224 | 3200955 | 4361179 | 4361179 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 78866 | 990023 | 1068889 | 1068889 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2043608 | 2043608 | 2043608 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1102921 | 3065802 | 4168723 | 4168723 | 0 |
| ലോക ബാങ്ക് സഹായം | 1567879 | 1512250 | 3080129 | 3080129 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 106 | 19799600 | 94 | 15817316 | 5 | 12 | 83.6 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

## 1-7 <u>തനത് വരുമാനം</u>

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 28% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 102472 | 869240 | + 766768 | |
| നികുതിയേതര വരവുകൾ | 253480 | 292706 | + 39226 | |
| മറ്റുവരവുകൾ | 3695643 | 4045096 | + 349453 | |
| ആകെ | 4051595 | 5207042 | (+) 1155447 | 28% |

## 1-8 <u>ക്ഷേമ പദ്ധതികൾ</u>

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 188640 | 187 |
| കർഷകതൊഴിലാളി പെൻഷൻ | 1048020 | 149 |
| വിധവാ പെൻഷൻ | 4924080 | 459 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 2766180 | 393 |
| വികലാംഗ പെൻഷൻ | 1712715 | 163 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.10.2016 ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 790/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

രജിസ്റ്ററുകളും രേഖകളും കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ വിവിധ അക്കൗണ്ടുകളുടെ ബാങ്ക് റിക്കൺസിലിയേഷൻ യഥാസമയം നടത്തുന്നില്ല. സഞ്ചയ സോഫ്റ്റ് വെയർ ഇന്റഗ്രേഷൻ പൂർണ്ണമായും ഫലപ്രാപ്തി കൈവരിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 3.2.16 – 4.2.16 | 11/15 – 1/16 | 11/03/16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2.3.16 – 14.3.16 | 2010-11 – 2014-15 | ഓഡിറ്റ് റിപ്പോർട്ട് ലഭ്യമായിട്ടില്ല |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഭൂമിശാസ്ത്രപരമായ പ്രത്യേകത - പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിൽ വിഘാതം സൃഷ്ടിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ഭൂമി ശാസ്ത്രപരമായ പ്രത്യേകതകൾ പഞ്ചായത്തിന്റെ വിഭവസമാഹരണ തോത് ലഘൂകരിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നതായും തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങളെ ബാധിക്കുന്നതുമായ അവസ്ഥ നിനില്ക്കുന്നു എന്ന് പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിൽ ഗ്രാമപഞ്ചായത്ത് എടുത്ത നടപടികളുടെ വിവരം ആവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിനം. 8

നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ഭൂരിഭാഗം പ്രദേശങ്ങളും CRZ പരിധിയിൽപ്പെടുന്നതാണ്. ആയതിനാൽ പുതിയ കെട്ടിടങ്ങളും കച്ചവട വ്യാപാര വ്യവസായ സ്ഥാപനങ്ങളും ആരംഭിക്കുന്നതിന് കഴിയാത്ത അവസ്ഥയാണ്. തീരെ സാധാരണക്കാരായ പ്രദേശവാസികൾ ഉപജീവനത്തിനായി നടത്തുന്ന ചെറുകിട വ്യാപാര സ്ഥാപനങ്ങൾ മാത്രമാണ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നത്. പ്രകൃതി പ്രതിഭാസങ്ങളുടെ സ്വാധീനം നിമിത്തം ജനങ്ങൾ വീട്ടുപേക്ഷിച്ച് പോകുന്ന സ്ഥിതി നിലനില്ക്കുന്നതായും തൻമൂലം കെട്ടിട നികുതി, സേവന നികുതി തുടങ്ങി നികുതി നികുതിയേതര വരുമാനത്തിൽ ശോഷണം സംഭവിക്കുന്നതായും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഈ നിലയ്ക്ക് പഞ്ചായത്തിന്റെ ഭൂമി ശാസ്ത്രപരമായ പ്രത്യേകത പരമാവധി ഉപയോഗപ്പെടുത്തി ടൂറിസം പോലെയുള്ള മേഖലകളിലെ സ്വാധീനം ശക്തിപ്പെടുത്തി തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 ബാങ്ക് ബുക്ക് റിക്കൺസിലിയേഷൻ - യഥാസമയം നടത്തുന്നില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ ഫണ്ടുകളുടെ വിനിയോഗം നടക്കുന്ന എല്ലാ അക്കൗണ്ടുകളുടെയും ബാങ്ക് ബുക്കുകളുടെ റിക്കൺസിലിയേഷൻ – ട്രഷറി, ബാങ്ക് കണക്കുകളുമായി പൊരുത്തപ്പെടുന്നു എന്ന് ഉറപ്പാക്കുന്നതിനായി എല്ലാ മാസാന്ത്യവും റിക്കൺസിലിയേഷൻ നടത്തണമെന്ന നിബന്ധന പാലിക്കുന്നില്ല. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അക്കൗണ്ട്, തനത്ഫണ്ട് (കാനറാബാങ്ക്) എന്നീ അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ 2016 ആഗസ്റ്റ് മാസം വരെ മാത്രമേ നടത്തിയിട്ടുള്ളൂ. അക്കൗണ്ടിംഗ് റൂൾ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിനും പണമിടപാട് സുതാര്യമാണെന്ന് ഉറപ്പുവരുത്താനും ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി

എ) മൺട്രോതുരുത്ത് വെറ്ററിനറി ഡിസ്പെൻസറിയിൽ പാർട്ട് ടൈം സ്വീപ്പറായി ജോലി ചെയ്യുന്ന ശ്രീമതി.സുശീലയുടെ ഒന്നാം അർദ്ധവാർഷിക വരുമാനം 57626/- രൂപയായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വരുമാനത്തിന്മേൽ തൊഴിൽ നികുതി സ്ലാബ് പ്രകാരം 450/- രൂപയാണ് ഒടുക്കേണ്ടത്. എന്നാൽ 300/- രൂപ മാത്രമാണ് തൊഴിൽ നികുതി അടച്ചിരിക്കുന്നത്. ആയതിനാൽ ഈയിനത്തിൽ അടയ്ക്കാൻ ബാക്കിയുള്ള 150/- രൂപ അടച്ച് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ബി). പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ശ്രീനികേതൻ പബ്ലിക് സ്കൂൾ എന്ന സ്ഥാപനത്തിന് സ്ഥാപന തൊഴിൽ നികുതിയോ ജീവനക്കാർക്ക് തൊഴിൽ നികുതിയോ ഡിമാന്റ് ചെയ്തിട്ടില്ല. നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതും നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതും ആണ്.

## 2-4 കെട്ടിട നിർമ്മാണ പെർമിറ്റ്

കെട്ടിട നിർമ്മാണ പെർമ്മിറ്റ് എടുക്കാതെ നിർമ്മിച്ച 10 കെട്ടിടങ്ങൾ 2015-16 വർഷം ക്രമവൽക്കരിച്ച് നൽകിയിട്ടുണ്ട്. 100m2 ൽ താഴെയുള്ള 16 കെട്ടിടങ്ങൾ താമസത്തിന്

ഉപയോഗിക്കുന്നത് അനധികൃതമായി നിർമ്മിച്ചതാണെന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. തീരദേശ നിയന്ത്രണാമേഖലാ വിജ്ഞാപനത്തിന്റെയും KPBR ന്റെയും ലംഘനം മൂലമാണ് ഈ കെട്ടിടങ്ങളെ അനധികൃത നിർമ്മാണങ്ങളായി കണക്കാക്കിയിട്ടുള്ളത്. ഇവയ്ക്ക് താൽക്കാലിക നമ്പർ കൊടുത്ത് മൂന്നിരട്ടി ഫീസ് വാങ്ങി വരുന്നു. അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു. പ്രസ്തുത കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

| നമ്പർ | വാർഡ് നമ്പർ, കെട്ടിടനമ്പർ | ഉടമയുടെ പേരും വിലാസവും | ലംഘനം |
|---|---|---|---|
| 1 | X, 1/UA | സുനിൽ കുമാർ & സുമ<br>രാമാലയം,<br>പട്ടംതുരുത്ത് ഈസ്റ്റ് | CRZ |
| 2 | IX, 2/UA | ശിവദാസൻ & ശ്രീകല<br>പൂമംഗലം,<br>നെൻമേനി സൗത്ത് | CRZ |
| 3 | VIII, 1/UA | സജീഷ്<br>സജിത ഭവൻ,<br>നെൻമേനി | KPBR |
| 4 | IV, 2/UA | ദേവദാസ് & ബിന്ദു<br>ഉപ്പുപടന്നയിൽ,<br>കിടപ്രം സൌത്ത് | KPBR |
| 5 | III, 2/UA | ഭാർഗവൻ & ശകുന്തള<br>ബിനി ഭവനം,<br>കൺട്ടാംകാണി | CRZ |
| 6 | XII, 2/UA | ഇസ്മായിൽ<br>പൂപ്പണ്ണ് പുത്തൻ വീട് | CRZ |

| | | | |
|---|---|---|---|
| | | പട്ടംതുരുത്ത് | |
| 7 | VI, 1/UA | മുത്തുകുമാർ & ബീന<br>അശ്വതി ഭവനം,<br>നെൻമേനി കിഴക്ക് | CRZ |
| 8 | III, 3/UA | പ്രീത<br>അജിത്ത് ഭവൻ,<br>കൺട്രാംകാണി | CRZ |
| 9 | XII, 1/UA | രംഗരാജൻ & രമണി<br>രംഗാലയം<br>പട്ടംതുരുത്ത് ഈസ്റ്റ് | CRZ |
| 10 | VI, 2/UA | സൈജു & ഷഹാന<br>കണ്ടത്തിൽ കിഴക്കതിൽ വില്ലിമംഗലം | CRZ |
| 11 | XI, 1/UA | രാധാമണി<br>ഗോപി സദനം,<br>പെരുമൺ | CRZ |
| 12 | V, 1/UA | വിജയമ്മ,<br>ലാൽ ഭവനം,<br>വില്ലിമംഗലം | KPBR & CRZ |
| 13 | X, 2/UA | ജോഗേഷ്.കെ,<br>കരുണാകര വിലാസം,<br>പട്ടംതുരുത്ത് ഈസ്റ്റ് | KPBR |

| | | | |
|---|---|---|---|
| 14 | VII, 1/UA | സാബു.ടി,<br>അത്തം നിവാസ് | CRZ |

## 2-5 വാടക

പഞ്ചായത്ത് ഷോപ്പിംഗ് കോപ്ലക്സിലെ 4 കടമുറികളുടെ വാടക മാത്രമാണ് പഞ്ചായത്തിന്റെ വാടക ഇനത്തിലുള്ള ആകെ വരുമാനം. ഇതിൽ 5-ാം നമ്പർ കടമുറി പഞ്ചായത്ത് കമ്മിറ്റിയുടെ 26-05-2015 ലെ VI(1) നമ്പർ തീരുമാന പ്രകാരം നീതി മെഡിക്കൽ സ്റ്റോറിന് വാടക ഇല്ലാതെ നൽകിയിട്ടുണ്ട്. തനതു വരുമാനം തുലോം കുറവായ പഞ്ചായത്തിൽ ആകെ ലഭ്യമാകാവുന്ന വരുമാനയിനത്തിന് ഇപ്രകാരം ഇളവ് നൽകുന്നത് അഭികാമ്യമല്ല. ആയതിനാൽ മെഡിക്കൽ സ്റ്റോറിന്റെ വാടക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 ഡി ആന്റ് ഒ ലൈസൻസ്

2015-16 സാമ്പത്തിക വർഷത്തിൽ 55 സ്ഥാപനങ്ങൾ ഡി ആന്റ് ഒ ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ ഫീൽഡ് സ്റ്റാഫിന്റെ റിപ്പോർട്ട് പ്രകാരം ചുവടെ ചേർക്കുന്ന 12 സ്ഥാപനങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതും ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തി വരുമാന സ്രോതസ്സ് ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

| വാർഡ് നമ്പർ | സ്ഥാപനം നടത്തുന്ന വ്യക്തിയുടെ പേര് | വിലാസം | സ്ഥാപനത്തിന്റെ സ്വഭാവം |
|---|---|---|---|
| I | ഷീല | രതീഷ് ഭവനം,<br>കിടപ്രം വടക്ക് | പലചരക്ക്<br>ചില്ലറ വ്യാപാരം |
| II | ലാലി | അർച്ചന നിവാസ്,<br>കൺട്രാംകാണി | സ്റ്റേഷനറി കട |
| III | ദേവദാസ് | ഉപ്പുപടന്നയിൽ,<br>കിടപ്രം തെക്ക് | പലചരക്ക്<br>ചില്ലറ വ്യാപാരം |
| IV | സുരേഷ്ബാബു | കന്നിട്ടയിൽ,<br>കാരൂത്തു കടവ് | ബേക്കറി |

| | | | |
|---|---|---|---|
| | | | |
| IV | ജാക്സൺ | കടയിൽ ഹൗസ്,<br>വില്ലി മംഗലം | സ്റ്റേഷനറി കട |
| IV | പി.റ്റി.പ്രദീപ് | പയ്യാളഴികം,<br>വില്ലി മംഗലം | ഫോട്ടോസ്റ്റാറ്റ് |
| V | ജോഷ്വ.ടി.ആർ | തട്ടാരഴികത്ത് പുത്തൻ<br>വീട് | വെൽഡിം ഹൗസ് |
| V | ഷാജി | ആർഷ ഭവൻ,<br>വില്ലി മംഗലം | തുണിക്കട |
| VI | മോഹനൻ | നന്ദനം,<br>വില്ലി മംഗലം | തുണിക്കട |
| VI | രാജേഷ് | വില്ലി മംഗലം | സ്റ്റുഡിയോ |
| V | പഞ്ചമൻ | കടവിൽ സദനം, വില്ലി<br>മംഗലം | വെൽഡിംഗ് വർക്ക്<br>ഷോപ്പ് |
| IV | രാജു | ഗുരു മന്ദിരത്തിൽ<br>പടിഞ്ഞോറ്റതിൽ | ഫർണീച്ചർ വർക്ക് |

**2-7** ഇ.എം.എസ് ഭവന പദ്ധതി - ലോൺ തിരിച്ചടവ് - കണക്കുകളിൽ വൈരുദ്ധ്യം

കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ ചിറ്റുമല ബ്രാഞ്ചിൽ നിന്നും ഇ.എം.എസ് ഭവന പദ്ധതിയ്ക്കായി 6,90,000/- രൂപ വായ്പ എടുത്തു. വായ്പ തിരിച്ചടവ് വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ പ്രകാരം 913299/- രൂപയാണ് സാമ്പത്തിക വർഷാവസാനം തിരിച്ചടയ്ക്കാൻ ശേഷിക്കുന്ന മുതൽ തുക. വാർഷിക കണക്കുകളിലും മേൽ തുകയാണ് നീക്കിയിരിപ്പ് കാണിച്ചിട്ടുള്ളത്. എന്നാൽ ലോൺ അക്കൗണ്ട് പാസ്ബുക്ക പ്രകാരം 1292448/- രൂപയാണ് ഒടുക്കുവാൻ ശേഷിക്കുന്ന തുക. 11-05-2013 വരെ തിരികെ ഒടുക്കുവാൻ ശേഷിക്കുന്ന തുകയോടൊപ്പം (2653950) ആയതുവരെ പലിശ ഇനത്തിൽ ഒടുക്കുവാനവശേഷിച്ച തുക (379149) കൂടി ഉൾപ്പെടുത്തി തിരിച്ചടയ്ക്കാൻ ശേഷിക്കുന്ന മുതൽ കണക്കാക്കിയതിനാലാണ് ഇത്തരത്തിൽ വ്യത്യാസം ഉണ്ടായിട്ടുള്ളത്. കണക്കുകളിലെ

വ്യത്യാസം പരിഹരിച്ച് സംസ്ഥാന സർക്കാരിന് അധിക ബാദ്ധ്യതയുണ്ടാകാനിടയാകുന്നത് ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന അനിവാര്യം

2015 ഏപ്രിൽ മാസം 2213125/- രൂപ വെള്ളക്കരം കുടിശ്ശിക ഇനത്തിൽ വാട്ടർ അതോറിറ്റിയിൽ അടവാക്കാനുണ്ട്. തനത് ഫണ്ട് പര്യാപ്തമല്ലാത്തതിനാൽ പ്രോജക്ട് നം. 61/16 പ്രകാരം റോഡിതര മെയിന്റനൻസ് ഗ്രാന്റ് വിഭാഗത്തിൽ നിന്നും 9 ലക്ഷം രൂപ പിൻവലിച്ച് വെള്ളക്കരം കുടിശ്ശിക ഒടുക്ക് വരുത്തിയിട്ടുണ്ട്. 2016 മാർച്ച് 31 വരെയുള്ള കുടിശിക മുൻബാക്കി ഉൾപ്പെടെ 24325058/- രൂപയാണ്. 139125/- രൂപയാണ് നിലവിൽ പ്രതിമാസ വെള്ളക്കരം. നിലവിൽ 318 ടാപ്പുകളുടെ എണ്ണത്തിനാണ് വെള്ളക്കരം ഡിമാന്റ് കണക്കാക്കി ബിൽ നല്കുന്നത്. മുൻ വർഷങ്ങളിൽ നിരവധി ഗാർഹിക കുടിവെള്ള പദ്ധതികൾ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ളതിനാൽ പൊതു ടാപ്പുകളുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ടെന്നത് വ്യക്തമാണ്. എന്നാൽ വാട്ടർ അതോറിറ്റിയും പഞ്ചായത്തും ചേർന്ന് സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാട്ടർ അതോറിറ്റിയും പഞ്ചായത്തും ചേർന്ന് സംയുക്ത പരിശോധന നടത്തി ഇപ്പോഴുള്ള പ്രവർത്തന ക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി വെള്ളക്കരം പുനക്രമീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി 7/19.10.16 ന് സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

### 3-2 തെരുവ് വിളക്കുകൾ - വൈദ്യുതി ചാർജ്ജിനത്തിൽ ഭീമമായ തുക ഒടുക്കുവരുത്തുന്നു - അധിക ബാധ്യത

തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ ഗ്രാമപഞ്ചായത്തുകൾക്ക് സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്)34/2003/2.12.2003 പ്രകാരം അനുമതി നല്കിയിരുന്നു. തുടർന്ന് 7.7.2010 മുതൽ ആറ് മാസത്തിനകം മീറ്ററിംഗ് സംവിധാനത്തിലേക്ക് മാറുന്ന സ്ഥാപനങ്ങൾക്ക് എസ്റ്റിമേറ്റിന്റെ 50% വഹിച്ചാൽ മതിയെന്നും 50% വൈദ്യുതി ബോർഡ് വഹിക്കുമെന്നും വ്യക്തമാക്കിയിരുന്നു. മൺറോതുരുത്ത് ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകൾക്ക് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

2015-16 വർഷം തെരുവ് വിളക്കുകളുടെ വൈദ്യുതി നിരക്കായി 314316/- രൂപ അടവാക്കിയിട്ടുണ്ട്. എല്ലാ മാസവും 26193/- എന്ന നിശ്ചിത തുകയാണ് തെരുവ് വിളക്കുകൾക്ക് വൈദ്യുത ചാർജിനത്തിൽ അടച്ചു വരുന്നത്. ടി സർക്കുലറിന്റെ അടിസ്ഥാനത്തിൽ മീറ്ററിംഗ് സംവിധാനത്തിലേക്ക് മാറിയിരുന്നെങ്കിൽ മീറ്റർ

സ്ഥാപിക്കുന്നതിന് ചെലവാക്കാമായിരുന്ന തുകയുടെ 50% ലാഭിക്കാമായിരുന്നു. കൂടാതെ പ്രവർത്തിക്കുന്നതും പ്രവർത്തന രഹിതമായതുമായ വിളക്കുകൾ കണ്ടെത്തുവാനും പ്രവർത്തിക്കുന്നവയുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം വൈദ്യുതി നിരക്ക് ഒടുക്കുവരുത്തുന്നതിനും സാധിക്കുമായിരുന്നു. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ അധിക ബാധ്യത ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 കന്നുകുട്ടി പരിപാലനം - പദ്ധതി പാതിവഴിയിൽ നിലച്ചു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ക്ഷീരോൽപാദക സഹകരണ സംഘങ്ങളുടെ പങ്കാളിത്തത്തോടെ വെറ്റിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്ന കന്നുകുട്ടി പരിപാലന പദ്ധതി (പ്രോജക്ട് നമ്പർ 15/16) ക്കായി 2015-16 സാമ്പത്തിക വർഷത്തിൽ 32 ഗുണഭോക്താക്കൾക്ക് സബ്സിഡി ആനുകൂല്യം ലഭ്യമാക്കുന്നതിന് 200000/- രൂപ അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി സ്കീം, കൊല്ലത്തിന് നൽകിയിട്ടുണ്ട് (ബിൽ നമ്പർ 9/15-16/28.3.16 ഡി.ഡി നമ്പർ 297713/31.3.16). സബ്സിഡി ഇനത്തിൽ ഗുണഭോക്താക്കൾക്ക് തീറ്റ വിതരണം ചെയ്യുന്നതിനായി പട്ടം തുരുത്ത് ക്ഷീര സംഘത്തെ തെരഞ്ഞെടുക്കുകയും ചെയ്തു. പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയില്ല. പട്ടം തുരുത്ത് ക്ഷീര സംഘത്തിൽ നിന്ന് തീറ്റ വിതരണം ചെയ്ത വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 32 ഗുണഭോക്താക്കൾക്കാണ് ഈ പദ്ധതി പ്രകാരം നാളിതുവരെ ആനുകൂല്യം നൽകിയിട്ടുള്ളത്. 2016 ജൂൺ വരെ മാത്രമാണ് തീറ്റ വിതരണം ചെയ്തിട്ടുള്ളത്. പദ്ധതി പാതിവഴിയിൽ നിലച്ചതിനുള്ള കാരണവും വിനിയോഗ രേഖകളും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി (നം.3/18.10.16) ന് വിനിയോഗ രേഖകൾ ലഭ്യമാക്കാമെന്ന മറുപടി ലഭ്യമാക്കി. വിനിയോഗ രേഖയുടെ അഭാവത്തിൽ ചെലവ് തുക 200000/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 3-4 കിടാരി വളർത്തൽ - സബ്സിഡി നിരക്കിൽ അധികരിച്ച് തുക നല്കി 32500/- രൂപ നിരാകരിക്കുന്നു

വെറ്ററനറി സർജൻ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ കിടാരി വളർത്തൽ (പ്രോജക്ട് നം 16/16) പ്രോജക്ടിൽ സബ്സിഡി മാർഗരേഖയിൽ അധികരിച്ച് തുക നല്കിയതിനാൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടമുണ്ടായിരിക്കുന്നു.

16.11.2013 ലെ സ. ഉ. (എംഎസ്) നമ്പർ 362/2013/തസ്വഭവ മാർഗരേഖ പ്രകാരം കിടാരി വളർത്തൽ പ്രോജക്ടിൽ ഓരോ വ്യക്തിഗത ഗുണഭോക്താവിനും പൊതു വിഭാഗത്തിൽ നല്കാവുന്ന പരമാവധി സബ്സിഡി തുക 5000/- ആയിരിക്കെ 7500/- രൂപ വീതം ഓരോ ഗുണഭോക്താവിനും വേണ്ടി ചെലവഴിച്ചിരിക്കുന്നു. ഒരു ഗുണഭോക്താവിൽ നിന്നും 7500/- രൂപ വീതം 13 പേരിൽ നിന്ന് ആകെ 97500/- രൂപ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത് ഡിഡി നമ്പർ 685446/4.4.16 പ്രകാരവും ബിൽ നം.7/15-16/23.3.16 പ്രകാരം 97500/- രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് ഡിഡി നം.554218/2.4.16

പ്രകാരവും കിടാരികളെ നല്കിയ ശ്രീ.ജമാലുദ്ദീൻ, പഴങ്ങാലം എന്നയാൾക്ക് നല്കിയിട്ടുണ്ട്. എന്നാൽ മേൽ മാർഗരേഖ പ്രകാരം 13 കിടാരികൾക്കായി അനുവദിക്കാവുന്ന പരമാവധി സബ്സിഡി തുക 5000x13=65000/- രൂപയാണ്. എന്നാൽ 7500x13=97500/- രൂപയാണ് ഈയിനത്തിൽ പിൻവലിച്ചത്. അധിക തുക പിൻവലിച്ച് ചെലവഴിച്ചത് വഴി 32500/- രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായി. അധികം ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി 2/18.8.16 ന് ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്ന് തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു

2015-16 വർഷം സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകളിൽ നടപ്പാക്കുന്നതിനായി തുക വിവിധ എജൻസികൾക്ക് കൈമാറിയെങ്കിലും പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം നല്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവഴിച്ച തുക തടസ്സത്തിൽ വയ്ക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | പേര് | സ്ഥാപനം | ഡിഡിനം. തുക | ഫണ്ടിനം |
|---|---|---|---|---|
| 2/16 | ഐഎവൈ അധിക വിഹിതം നല്കൽ | ബിഡിഒ, ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് | 295169/ 14.1.16, 260000/- | വികസന ഫണ്ട് |
| 3/16 | എസ് എസ് എ വിഹിതം നല്കൽ | പ്രോജക്ട് കോർഡിനേറ്റർ, എസ് എസ് എ | 860597/ 26.8.2016, 380314/- | വികസന ഫണ്ട് |
| 9/16 | സാമൂഹിക സുരക്ഷാമിഷൻ പ്രവർത്തനങ്ങൾക്ക് വിഹിതം നല്കൽ | എക്സിക്യൂട്ടീവ് ഡയറക്ടർ, സാമൂഹിക സുരക്ഷാമിഷൻ | 681408/ 27.10.15, 50000/- | വികസന ഫണ്ട് |
| 28/16 | ജില്ലാ പ്ലാനിംഗ് ആഫീസ് കെട്ടിട | മെമ്പർ സെക്രട്ടറി | 681410/ 20.10.15, | ധനകാര്യ കമ്മീഷൻ |

| | | | | |
|---|---|---|---|---|
| | നിർമാണം വിഹിതം നല്കൽ | | 150000/- | അവാർഡ് |
| 45/16 | ഐഎവൈ അധിക വിഹിതം നല്കൽ | ബിഡിഒ, ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് | 295167/ 14.10.16, 240000/- | എസ് സിപി |
| 60/16 | മീഡിയ ശ്രീ | എക്സി.ഡയറക്ടർ, കുടുബശ്രീ | 295006/ 12.1.16, 65000/- | വികസന ഫണ്ട് |
| 62/16 | ജീവനം – കിഡ്നി ഡയാലിസിസ് വിഹിതം നല്കൽ | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് | 295618/ 28.1.16, 100000/- | വികസന ഫണ്ട് |
| 63/16 | ജില്ലാ ആശുപത്രിക്ക് എംആർ ഐ സ്കാൻ വിഹിതം നല്കൽ | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് | 295617/ 28.1.16, 100000/- | വികസന ഫണ്ട് |
| 86/16 | പഞ്ചായത്ത് ഓഫീസ് വൈദ്യുതീകരണം | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പിഡബ്ള്യുഡി, കൊല്ലം | 681083/ 1.10.15, 90200/- | കേന്ദ്രാവിഷ്കത ഫണ്ട് |
| 87/16 | അംഗൻവാടികളുടെ വൈദ്യുതീകരണം | അസി.എഞ്ചിനീയർ, പിഡബ്ള്യുഡി, കൊല്ലം | 295621/ 28.1.16, 74800/- | റോഡിതര മെയിന്റനൻസ് ഫണ്ട് |
| 88/16 | അംഗനവാടികൾക്ക് കുടിവെള്ളം | അസി.എക്സി.എഞ്ചിനീയർ, വാട്ടർ അതോറിറ്റി, കൊട്ടാരക്കര | 295619/ 28.1.16, 29085/- | റോഡിതര മെയിന്റനൻസ് ഫണ്ട് |
| 103/16 | ഐഎവൈ അധികവിഹിതം | ബിഡിഒ, ചിറ്റുമല ബ്ലോക്ക് | 295623/ 28.1.16, | എസ് സി പി |

| | | | | |
|---|---|---|---|---|
| | നല്കൽ | പഞ്ചായത്ത് | 636250/- | |
| 114/16 | സൈഡ് വീലോട്ടുകൂടിയ സ്കൂട്ടർ – ജില്ലാപഞ്ചായത്ത് വിഹിതം നല്കൽ | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് | 295168/ 14.1.16, 107986/- | വികസന ഫണ്ട് |
| 127/16 | ഐഎവൈ ഭവനപദ്ധതി | ബിഡിഒ, ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് | 554737/ 7.4.16, 125676/- | എസ് സി പി |
| | ആകെ | | 2409311/- | |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.9/19.10.2016) പ്രകാരം ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല. ആയതിനാൽ 2409311/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 3-6 പദ്ധതി നടത്തിപ്പ് വിഹിതം - അക്കൗണ്ട് ബാലൻസ് നിലനിൽക്കുന്നത് തിരികെ നല്കിയിട്ടില്ല

ജില്ലാ പഞ്ചായത്ത് വിഹിതമായി 05.08.10 ൽ ലഭിച്ച ഇഎംഎസ് ഭവന പദ്ധതി (എസ് സി പി) യുമായി ബന്ധപ്പെട്ട് 2015-16 വരെയും ചെലവഴിക്കാതെ 59882/- രൂപ കൊല്ലം ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് കറന്റ് അക്കൗണ്ട് നമ്പർ 223 ൽ ശേഷിക്കുന്നുണ്ട്. ജി.ഒ.(എംഎസ്) 362/13ത.സ്വ.ഭ.വ തീ.16.11.13, മാർഗരേഖ പ്രകാരം കൈപറ്റിയ തുക ഡിസംബർ 31ന് മുൻപ് കൈമാറിയിക്കണം. കൈപറ്റിയ തുക അതാത് സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിരിക്കണം. ചെലവഴിക്കാത്ത തുക ബന്ധപ്പെട്ട ഫണ്ടിൽ തിരികെ ഒടുക്കുവരുത്തേണ്ടതാണ്. 59882/- രൂപ തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 ഗ്രാമസഭയുടെ അംഗീകാരമില്ലാതെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയിരിക്കുന്നു

പ്രോജക്ട് നം.121/16

തുക - 100000/

നിർവഹണ ഉദ്യോഗസ്ഥൻ – വിഇഒ

പട്ടികജാതി വിഭാഗത്തിലുള്ള സ്ത്രീകൾക്ക് വിവാഹ ധനസഹായം ഇനത്തിൽ ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള ചിന്നമ്മ (അനിൽ ഭവനം), രാജമ്മ (അജയ് ഭവനം) എന്നിവർ

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുകയോ ഗ്രാമസഭയുടെ അംഗീകാരം ലഭിക്കുകയോ ചെയ്തവരല്ല. പഞ്ചായത്തിന്റെ 19.1.2016 VIII(2)-ം നമ്പർ തീരുമാന പ്രകാരം ഇവരുടെ അപേക്ഷ പരിഗണിക്കുകയാണുണ്ടായിട്ടുള്ളത്.

മാർഗരേഖ (എം എസ്) 362/13 തസ്വഭവ/16.11.13 അനുബന്ധം 16, ഖണ്ഡിക 7.18 പ്രകാരം പദ്ധതിയുടെ ഭാഗമായി വ്യക്തിഗത ആനുകൂല്യം നല്കുമ്പോൾ ഗുണഭോക്താക്കളുടെ അപേക്ഷ സഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യണം. ചർച്ചയുടെ അടിസ്ഥാനത്തിൽ അന്തിമ ലിസ്റ്റ് ഗ്രാമസഭ അംഗീകരിക്കുകയും മിനുട്സിൽ രേഖപ്പെടുത്തുകയും വേണം. ഈ നിർദ്ദേശങ്ങൾ ഒന്നും പാലിക്കാതെയാണ് മേൽ വ്യക്തികൾക്ക് ആനുകൂല്യം നല്കിയിട്ടുള്ളത്. ശ്രീമതി.ചിന്നമ്മ, രാജമ്മ എന്നിവർക്ക് 50000/- രൂപ വീതം യഥാക്രമം ചെക്ക് നം.297224/19.3.16, 297225/19.3.16 എന്നിവ പ്രകാരം നല്കിയിട്ടുണ്ട്. ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നല്കിയ 100000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതിരുന്നതിന്മേൽ വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-8 മരുന്നുകൾ ലഭിച്ചില്ല - പദ്ധതി തുക പാഴായി

പ്രോജക്ട് നം – 51/16

അടങ്കൽ തുക – 50000/-

നിർവഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, ആയുർവേദം

ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി ആവിഷ്കരിച്ച പ്രോജക്ട് നം. 51/16 പ്രകാരം 50000/- രൂപ ഹോംകോ മാനേജർക്ക് നൽകി എങ്കിലും മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല (ബിൽ നമ്പർ 04/15-16 (തീ.16-02-16) ഡിഡി നമ്പർ 296313/19.02.16 (എസ് ബിറ്റി, കുണ്ടറ)).

ഹോംകോയുടെ 22/09/15 ലെ ഇൻവോയ്സ് നമ്പർ പിഎഫ്. 487 പ്രകാരം 50000/- രൂപയുടെ മരുന്നുകൾ വാങ്ങുന്നതിനാണ് തുക നല്കിയിട്ടുള്ളത്. മരുന്നുകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ പദ്ധതിക്കായി ചെലവഴിച്ച 50000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 3-9 അതുല്യം സമ്പൂർണ പ്രാഥമിക വിദ്യഭ്യാസം - പദ്ധതി നിർവഹണത്തിലെ അപാകതകൾ

തനത് വികസന ശൈലികളിൽ നിന്നും വ്യത്യസ്തമായി മനുഷ്യശേഷി വികസനത്തിന് ഊന്നൽ നല്കിക്കൊണ്ടുള്ള പദ്ധതിയാണ് അതുല്യം സാക്ഷരത പദ്ധതി. അടിസ്ഥാന സാക്ഷരത, സമഗ്ര നാലാംതരം തുല്യതാ പരിപാടി, സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ, തൊഴിൽ പരിശീലനങ്ങൾ, ബോധവല്ക്കരണ പ്രവർത്തനങ്ങൾ എന്നിവയെല്ലാം അതുല്യം സമ്പൂർണ പ്രാഥമിക വിദ്യഭ്യാസ പരിപാടിയിൽ ഉൾപ്പെടുന്നതാണ്.

2015-16 സാമ്പത്തിക വർഷം ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ അതുല്യം സാക്ഷരതാ പദ്ധതിയിൽ (പ്രോജ.36/16) ചുവടെ സൂചിപ്പിക്കുന്ന അപാകതകൾ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുണ്ട്.

| ക്രമ നമ്പർ | പദ്ധതി പ്രവർത്തനം | ചെലവഴിച്ച തുക | അപാകത |
|---|---|---|---|
| | അതുല്യം സാക്ഷരതാ പാഠപുസ്തകം വാങ്ങുന്നതിന് സാക്ഷരതാ മിഷന് തുക നല്കി | 12500/-<br>ബിൽ നമ്പർ 01/15-16 | ലഭിച്ച പുസ്തകങ്ങളുടെ എണ്ണം, സ്റ്റോക്കിലെടുത്തത്, വിതരണം എന്നിവയുടെ രേഖകൾ ഇല്ല |
| | പ്രാദേശിക പാഠാവലി | 10000/-@20 /-500എണ്ണം ബിൽ നമ്പർ 3/15-16 | പാഠാവലി 20/- രൂപ നിരക്കിൽ 500 എണ്ണം സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഇല്ല. |
| | സാക്ഷരതാ പ്രവർത്തനങ്ങൾക്ക് ബാനർ, ഫ്ലക്സ് | 4402/-<br>(ബിൽ നമ്പർ 3/15-16)<br>അധികം ചെലവഴിച്ചത് 2402/- | പ്രചരണ പ്രവർത്തങ്ങൾക്ക് അടങ്ങൽ തുക 2000/- ആയിരിക്കെ അധികമായി 2402/- രൂപ ചെലവഴിച്ചു |
| | പഠനോപകരണങ്ങൾ | 5000/-<br>(ബിൽ നമ്പർ 3/15-16) | എത്ര പഠനോപകരണങ്ങൾ വാങ്ങിയെന്നും ആയത് സ്റ്റോക്കിയെടുത്ത് എത്ര പഠിതാക്കൾക്ക് വിതരണം നടത്തിയെന്നും രേഖകൾ ഇല്ല. |

| | | | |
|---|---|---|---|
| | റിസോഴ്സ് പേഴ്സൺ – യാത്രാപ്പടി | 2000/-(ബിൽ 3/15-16) | നിയമന രേഖയില്ല. പ്രവർത്തന റിപ്പോർട്ട്, യാത്രാപ്പടി എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. |
| | അതുല്യം പദ്ധതിയുടെ അവസാനം നാലാം തരം തുല്യതാ പരീക്ഷ നടത്തിപ്പ്, മൂല്യ നിർണയ സർട്ടിഫിക്കറ്റ് വിതരണം, ഫോട്ടോ എടുപ്പ്, മറ്റു ചെലവുകൾ | 2900/-(1100+1100+700) ബിൽ നമ്പർ 3/15-16) | ചോദ്യപേപ്പർ അച്ചടി സംബന്ധിച്ച രേഖകൾ, ചോദ്യ പേപ്പർ പകർപ്പ്, പരീക്ഷ നടത്തിപ്പ്, ആയതിന്റെ മൂല്യ നിർണയം എന്നിവയുടെ രേഖകൾ ഹാജരാക്കിയില്ല. നാലാം തരം പരീക്ഷ പാസായവരുടെ വിവരങ്ങൾ, വിതരണ രേഖകൾ, ഫോട്ടോ എന്നിവയുടെ രേഖകൾ എന്നിവ ഫയലിൽ ലഭ്യമല്ല. |

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ ഓഡിറ്റ് പരിശോധനാ വേളയിൽ എൻക്വയറി നമ്പർ 11/20-10-2016 പ്രകാരം നിർവഹണ ഉദ്യോഗസ്ഥനെ അറിയിച്ചിട്ടുള്ളതിന് രേഖകൾ സമർപ്പിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. അതുല്യം സാക്ഷരതാ പദ്ധതിയുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള അപാകതകളുമായി ബന്ധപ്പെട്ട് 34802/- രൂപയുടെ ചെലവുകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### **3-10** പത്താം തരം തുല്യതാ പരീക്ഷ - രേഖകൾ ഹാജരാക്കിയില്ല **- 12800/-** രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം – 35/16

അടങ്കൽ തുക - 12800/-

നിർവഹണ ഉദ്യോഗസ്ഥൻ – ഹെഡ്മാസ്റ്റർ (ഗവ.യുപിഎസ്)

ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രോജക്റ്റ് 35/16 പത്താംതരം തുല്യതാ പരീക്ഷയുമായി ബന്ധപ്പെട്ട ഫയലുകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഹാജരാക്കാത്തതിന്റെ കാരണം ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി

നം.11/20.10.16 നല്കിയിട്ടുള്ളതിന് രേഖകൾ ഹാജരാക്കാമെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള 12800/- രൂപയുടെ ചെലവ് സാധൂകരിക്കുന്ന ഫയലുകൾ, പഠിതാക്കളുടെ തെരഞ്ഞെടുപ്പ്, പ്രചരണ പ്രവർത്തനങ്ങൾ, ക്ലാസുകൾ നിശ്ചയിക്കൽ, നടത്തൽ, പഠനോപകരണ വിതരണം, ക്ലാസുകളുടെ വിലയിരുത്തൽ, ക്ലാസ് സന്ദർശനങ്ങൾ, പരീക്ഷ നടത്തിപ്പ്, ചോദ്യ പേപ്പർ, മൂല്യനിർണയം, ഫല പ്രഖ്യാപനം/സർട്ടിഫിക്കറ്റ് വിതരണം, മറ്റു അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-11 റോഡ് നിർമ്മാണ പ്രവൃത്തികൾ - മെറ്റലിംഗ് മാത്രം നടത്തിയതിനാൽ പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിക്കുന്നില്ല

ചുവടെ ചേർക്കുന്ന പ്രോജക്റ്റുകൾ പ്രകാരം മെറ്റലിംഗ് മാത്രം ഏറ്റെടുത്ത് റോഡ് നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ പേര് | കോൺട്രാക്ടർ | ചെലവ് തുക | ബിൽ നം |
|---|---|---|---|
| ഇടച്ചാൽ പാലക്കടവ് മുതൽ തെക്കേവിള വരെ റോഡ് മെറ്റലിംഗ്, 71/16.F.C-200000, mbook-14/15-16 | സദാശിവൻ | 199139/- | 19/29.2.16 |
| തുമ്പുമുഖം ലക്ഷ്മിനിവാസ് തട്ടാപ്പറമ്പിൽ റോഡ് മെറ്റലിംഗ്, 105/16 W.B.212300 mbook-13/15-16 | സദാശിവൻ | 211635/- | 20/29.2.2016 |

മെറ്റലിംഗിൽ മാത്രം റോഡ് നിർമ്മാണം പരിമിതപ്പെടുത്താനുണ്ടായ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി-13/21.10.2016) തനത് വരുമാനം തീരെ കുറഞ്ഞ പഞ്ചായത്തായതിനാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം മെറ്റലിംഗിനുള്ള തുകയ്ക്ക് മാത്രമേ ഭരണാനുമതി ലഭ്യമായിരുന്നുള്ളൂ എന്നും രണ്ടാംഘട്ട പ്രവർത്തനമായി രണ്ടാം മെറ്റലിംഗും ടാറിംഗും ഉൾപ്പെടുന്ന പ്രവൃത്തികൾ നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ മതിയായ തുക വകയിരുത്തി പൂർത്തീകരിച്ച് ലക്ഷ്യം കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. തുടർവർഷത്തിൽ മേൽ പ്രവൃത്തിയുടെ രണ്ടാം ഘട്ടപ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 3-12 പഞ്ചായത്തിന് അനുബന്ധമായി കെട്ടിട നിർമ്മാണം - കെട്ടിടം പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രോജക്ട് – 106/16

അടങ്കൽ – 427279/- (ലോകബാങ്ക് ധനസഹായം)

കോൺട്രാക്ടർ – ശ്രീ.മുഹമ്മദ് ഖുറേഷി

ചെലവ് തുക – 416222/- (ബിൽ നം.30/31.3.16)

പഞ്ചായത്തിന് അനുബന്ധമായി ഒരു കെട്ടിടം നിർമ്മിക്കാൻ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം കെട്ടിടത്തിന്റെ സ്ട്രക്ചർ പൂർത്തിയാക്കി. എന്നാൽ കെട്ടിടത്തിന്റെ പൂർത്തീകരണത്തിനുള്ള അനുബന്ധ സജ്ജീകരണങ്ങൾ ഒരുക്കാനുള്ള തുക മേൽ പ്രോജക്ടിൽ വകയിരുത്തിയിരുന്നില്ല. ആയതിനാൽ സ്ട്രക്ചർ മാത്രം പൂർത്തിയായ കെട്ടിടം ഉപയോഗ യോഗ്യമല്ല. 2016-17 വർഷത്തേക്ക് അംഗീകരിച്ച പ്രോജക്ടിൽ കെട്ടിട പൂർത്തീകരണത്തിനു വേണ്ടി തുക ഉൾക്കൊള്ളിച്ചിട്ടില്ല. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/21.10.16) ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് സ്ട്രക്ചർ മാത്രം നിർമ്മിക്കാനായി ഫണ്ട് വകയിരുത്തിയിരുന്നതെന്നും 2015-16 വർഷം പൂർത്തീകരണത്തിനുതകുന്ന പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടെന്നും അസി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

## 3-13 റോഡ് നിർമ്മാണം - മണ്ണ്ഫില്ലിംഗിൽ മാത്രം ഒതുങ്ങി

ഗ്രാമപഞ്ചായത്തിൽ വേലിയേറ്റം മൂലം വെള്ളം കെട്ടിക്കിടക്കുന്നതും ചെളി നിറഞ്ഞതുമായ പാതകളിലെ യാത്ര സുഗമമാക്കുക എന്ന ലക്ഷ്യത്തോടെ ക്വാറിമക്ക് ഫില്ലിംഗും, മണ്ണ് ഫില്ലിംഗും നടത്തിക്കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. പ്രോജക്ടിന്റെ വിവരം | ചെയ്ത പ്രവർത്തിയുടെ വിവരം | ചെയ്ത പ്രവർത്തിയുടെ അളവ് | ചെലവ് തുക | Bill.No, Amount |
|---|---|---|---|---|
| പീഠികയിൽ അംഗൻവാടി റോഡ് ക്വാറി & എർത്ത് ഫില്ലിംഗ്, മുഹമ്മദ് ഖുറേഷി, ധനകാര്യ കമ്മിഷൻ ഗ്രാന്റ് | ക്വാറിമക്ക് ഫില്ലിംഗ് | 29.92m3 | 36161.91 | Bill.No.40/31.3.16 –170147/- |
| | മണ്ണ് ഫില്ലിംഗ് | 236.97m3 | 133985.21 | |

| | | | | |
|---|---|---|---|---|
| | | | | |
| പേത്തറക്കാവ് വളവിൽ റോഡ് ക്വാറി & എർത്ത് ഫില്ലിംഗ്, ജിതിൻ ബാബു (കൺ), ധനകാര്യ കമ്മിഷൻ ഗ്രാന്റ് | ക്വാറിമക്ക് ഫില്ലിംഗ് | 94.50m3 | 99317 | Bill No.24/26.3.16 —199619/- |
| | മണ്ണ് ഫില്ലിംഗ് | 168.85m3 | 83016.79 | |
| കാവുങ്ങൽ ക്ഷേത്രം – മുരുകവിലാസം റോഡ്-ക്വാറി & എർത്ത് ഫില്ലിംഗ്, ബിജു.കെ.എൽ, ലോകബാങ്ക് | ക്വാറിമക്ക് ഫില്ലിംഗ് | 39m3 | 40988.22 | Bill.No.16/23.2.16 /95078/- |
| | മണ്ണ് ഫില്ലിംഗ് | 96.60m3 | 47494.36 | |

എന്നാൽ ക്വാറി വേസ്റ്റ്, മണ്ണ് ഫില്ലിംഗ് ഇവ മാത്രമായി ഒതുക്കി റോഡ് നിർമ്മാണം നടത്തിയത് ഈ മേഖലയിലെ ഗതാഗത സൗകര്യത്തിന് ഒരു ശാശ്വത പരിഹാരമാകുന്നില്ല. വെള്ളക്കെട്ടുള്ളതും ചെളി നിറഞ്ഞതുമായ ഈ മേഖലകളിൽ പര്യപ്തമായ തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കാത്തതിനുള്ള കാരണം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (13/21.10.15) വേലിയേറ്റം, വേലിയിറക്കം ഇവ മൂലം താണ സ്ഥലങ്ങൾ വെള്ളം കെട്ടിക്കിടന്ന് ചളിനിറഞ്ഞ് സഞ്ചാര യോഗ്യമല്ലാതെ വരുന്ന സാഹചര്യത്തിലാണ് മേൽ പ്രവൃത്തികൾ നടപ്പാക്കിടിട്ടുള്ളതെന്നും വരുമാനം തീരെ കുറഞ്ഞ പഞ്ചായത്തായതിനാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം പല റോഡുകളും കോൺക്രീറ്റിംഗ് നടത്താൻ കഴിയുന്നില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. മറുപടി ഓഡിറ്റിന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ മേൽ പ്രവൃത്തി പൂർണ്ണമായ ലക്ഷ്യം കൈവരിക്കാൻ ഉതകുന്നതല്ല. ആയതിനാൽ ലഭ്യമായ ഫണ്ടുപയോഗിച്ച് ജനങ്ങളുടെ ബുദ്ധിമുട്ടിന് ശാശ്വത പരിഹാരം കാണുന്നതിനായുള്ള നിർമ്മാണ പ്രവർത്തികൾ

ഏറ്റെടുക്കാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## ഭാഗം-4

### പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, ചിറ്റുമല | 2015-16 | 50000 | കാലിത്തീറ്റ വിതരണം, 78/16 | 50000 | ഇല്ല |
| | | 56000 | ഗ്രോബാഗിലെ പച്ചക്കറി കൃഷി, 115/16 | 56000 | ഇല്ല |
| ജില്ലാ പഞ്ചായത്ത്, കൊല്ലം | 2015-16 | 12500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, 40/16 | 12500 | 12500 |

### 4-2 ഡിപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച പ്രവൃത്തി നടത്തിയതിന്റെ വിവരം.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പഞ്ചായത്താഫീസ് വൈദ്യുതീകരണം, 86/16 | D.D.No.860970/ 25.9.15 | 29686 | ഇല്ല | 90260 |
| | | D.D.No.681072/ 30.9.2015 | 40000 | | |
| | | D.D.No.681073/ 1.10.15 | 20574 | | |
| കെ.എസ്.ഇ.ബി | അംഗൻവാടി | D.D.No.295621/ | 74800/- | ഇല്ല | 74800 |

| | | | | | |
|---|---|---|---|---|---|
| | വൈദ്യുതീകരണം, 87/16 | 28.1.16 | | | |
| കേരള വാട്ടർ അതോറിട്ടി | അംഗൻവാടികൾക്ക് കുടിവെള്ളം, 88/16 | 295619/ 28.1.2016 | 29085/- | ഇല്ല | 29085 |

**4-3** മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

**4-4** വായ്പ/വായ്പ തിരിച്ചടവ്

ഇല്ല.

**4-5** സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

**4-6** ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 10234/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | 3.13 | 386 | | 11501100403/15.7.15 |
| 2012-13 | 3.13 | 9848 | | 11501100878/13.11.2015 |

**4-7** സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1998-99, 31 | 2003-04, 3-2(4-1) | മത്സ്യതൊഴിലാളി ഭവനപദ്ധതി – അനർഹർക്ക് ആനുകൂല്യം അനുവദിച്ചത് | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ് |

| | | | |
|---|---|---|---|
| 1998-99, 38 | 2003-04, 3-2(4-2) | സബ്സിഡി – സർക്കാർ ഉത്തരവ് പാലിക്കാത്തത് | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 18912166 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 24175306 |
| വരവിനങ്ങളിലുള്ള നഷ്ടം | 150 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 32500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2806913 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 2--3 | 150 | | ശ്രീ.ജോസഫ്.റ്റി, സെക്രട്ടറി |
| 3-4 | | 32500 | ഡോ.ബിന്ദു, വെറ്ററിനറി സർജൻ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3--3 | 200000 | ഡോ.ബിന്ദു, വെറ്ററിനറി സർജൻ |
| 3--5 | 2409311 | ഡോ.ബിന്ദു, വെറ്ററിനറി സർജൻ |
| 3--7 | 100000 | ശ്രീമതി.സംഗീത, വി.ഇ.ഒ |
| 3--8 | 50000 | ഡോ.രാജി വിശ്വനാഥ്, മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 3--9 | 34802 | ശ്രീമതി.ഷീല ജോർജ്ജ്, എച്ച്.എം |
| 3--10 | 12800 | ശ്രീമതി.ഷീല ജോർജ്ജ്, എച്ച്.എം |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ബിന്ദു, വെറ്റിനറി സർജൻ | | ആതിര, പെരിനാട് (പി.ഒ), അഞ്ചാലുംമൂട് |
| ശ്രീമതി.സിസിലിയ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | ചരുവിളവീട്, സിത്താര ജംഗ്ഷൻ, കൊട്ടിയം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1982-83 | എൽ.എഫ്.ക്യൂ.പി6-1358/14, 6.8.14 | 2 |
| 1984-85 | എൽ.എഫ്.ക്യൂ.പി6-1358/14, 6.8.14 | 5 |
| 1986-87 | എൽ.എഫ്.ക്യൂ.പി6-1358/14, 6.8.14 | 15 |
| 1987-88 | എൽ.എഫ്.ക്യൂ.പി6-1358/14, 6.8.14 | |
| 1989-90 &1990-91 | എൽ.എഫ്.ക്യൂ.പി6-1358/14, 6.8.14 | |
| 1991-92 | എൽ.എഫ്.ക്യൂ.പി6-1358/14, 6.8.14 | |
| 1992-93 | എൽ.എഫ്.ക്യൂ.പി6-1358/14, 6.8.14 | |
| 1996-97 | എൽ.എഫ്.ക്യൂ.പി6-1358/14, 6.8.14 | |
| 1997-98 | എൽ.എഫ്.ക്യൂ.പി6-1358/14, 6.8.14 | 2 |
| 1998-99 | എൽ.എഫ്.ക്യൂ.പി6-1358/14, 6.8.14 | 31 |
| 1999-00 | എൽ.എഫ്.ക്യൂ.പി6-1358/14, 6.8.14 | 33 |
| 2000-01 | എൽ.എഫ്.ക്യൂ.പി6-1358/14, 6.8.14 | 17 |
| 2001-02 | എൽ.എഫ്.ക്യൂ.പി6-1358/14, 6.8.14 | 10 |

| | | |
|---|---|---|
| 2002-03 | എൽ.എഫ്.ക്യൂ.പി6-1358/14, 6.8.14 | 13 |
| 2003-04 | എൽ.എഫ്.ക്യൂ.പി6-1358/14, 6.8.14 | 11 |
| 2004-05 | എൽ.എഫ്.ക്യൂ.പി6-1358/14, 6.8.14 | 22 |
| 2005-06 | എൽ.എഫ്.ക്യൂ.പി6-1358/14, 6.8.14 | 18 |
| 2006-07 | എൽ.എഫ്.ക്യൂ.പി6-1358/14, 17.06.14 | 20 |
| 2007-08 | എൽ.എഫ്.ക്യൂ.പി6-1358/14, 17.06.14 | 12 |
| 2008-09 | എൽ.എഫ്.ക്യൂ.പി6-1358/14, 17.06.14 | 14 |
| 2009-10 | എൽ.എഫ്.ക്യൂ.പി6-1358/14, 17.06.14 | 12 |
| 2010-11 | എൽ.എഫ്.ക്യൂ.പി6-1358/14, 17.06.14 | 4 |
| 2011-12 | എൽ.എഫ്.ക്യൂ.പി6-1785/14, 29.10.14 | 29 |
| 2012-13 | എൽ.എഫ്.ക്യൂ.പി6-2968/14, 01.01.15 | 22 |
| 2013-14, 2014-15 | എൽ.എഫ്.ക്യൂ.പി6-659/15, 12.05.2016 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

**4-10**

ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.കെ.എൽ.എം. 1827 A /16 തീയതി, 19/11/2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ഐനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.